പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2192 | 13.06.2019 ൽ മറുപടിയ്ക്ക്

## പ്രളയത്തിൽ നശിച്ചതും നീക്കം ചെയ്തതുമായ ഭക്ഷ്യയോഗ്യമല്ലാത്ത അരി

ചോദ്യം
ശ്രീ.പാറക്കൽ അബ്ദുല്ല

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യയോഗ്യമല്ലെന്ന് കണ്ടെത്തിയ അരിച്ചാക്കുകൾ സിവിൽ സപ്ലൈസ് ഗോഡൗണിൽ നിന്ന് നീക്കം ചെയ്തതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രളയത്തിൽ നശിച്ച 50,000 ടൺ അരി കുറഞ്ഞ വിലയ്ക്ക് ഒരു കമ്പനി ഏറ്റെടുത്ത കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | മില്ലുകളിൽ പ്രളയത്തിൽ നശിച്ചത് 26163.239 ടൺ അരിയാണ്. ആയത് ഇ-ടെണ്ടർ മുഖേനയാണ് വിൽപ്പന നടത്തിയിട്ടുള്ളത്. |
| (സി) | എങ്കിൽ അവരുമായി ബന്ധമുള്ള ഒരു കമ്പനി വിതരണം ചെയ്ത അരിയിലാണ് ഇപ്പോൾ പുഴുക്കളെ കണ്ടെത്തിയതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (സി) | സപ്ലൈകോയുമായി കരാറുള്ള മില്ലുടമകളോ അവരുടെ ഏജന്റുമാരോ പ്രളയത്തിൽ കേടായ അരിയുടെയും നെല്ലിന്റെയും ഇ-ടെണ്ടറിൽ പങ്കെടുക്കരുതെന്ന് ഇ-ടെണ്ടർ വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇ-ടെണ്ടറിൽ പങ്കെടുത്ത് ടെണ്ടർ കരസ്ഥമാക്കിയ ചില സ്ഥാപനങ്ങൾ മില്ലുടമകളുടെ ബന്ധുക്കളാണെന്ന് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളെ ഒഴിവാക്കിയിരുന്നു. ടെണ്ടർ കരസ്ഥമാക്കിയ മറ്റ് സ്ഥാപനങ്ങൾക്ക് സപ്ലൈകോയുമായി കരാറിലുള്ള മില്ലുടമകളുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധം കണ്ടെത്തിയിട്ടില്ല. |
| (ഡി) | 1800 ചാക്ക് അരി ഇക്കാരണത്താൽ ഗോഡൗണിൽ നിന്ന് നീക്കം ചെയ്യുകയുണ്ടായോ; | (ഡി) | ഇ-ടെണ്ടർ മുഖേന മൂവാറ്റുപുഴ ഡിപ്പോയിൽ ലഭിച്ച 1800 ചാക്ക് അരി നിശ്ചിത ഗുണനിലവാര മാനദണ്ഡം പാലിക്കാത്തതിനാൽ ഡിപ്പോയിൽ നിരസിക്കുകയും ഇത് പിന്നീട് മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയങ്ങൾ പ്രളയത്തിൽ കേടായ അരിയുമായും നെല്ലുമായും ബന്ധമുള്ളതല്ല. |

| | | | |
|---|---|---|---|
| (ഇ) | ഇത്തരത്തിലുള്ള അരി വിപണിയിലെത്തില്ലെന്ന് ഉറപ്പ് വരുത്തുവാൻ ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിരുന്നോ; | (ഇ) | ബഹു. ഹൈക്കോടതിയുടെ 29.11.2018 തീയതിയിലെ WP(C)34566/18-ാം നമ്പർ അന്തിമ ഉത്തരവ് താഴെ പറയും പ്രകാരമാണ്.<br><br>"Despite finding, prima facie, that the terms and conditions of the tender clearly safeguarded against any possible misuse of the damaged rice and paddy subsequent to the tender process, we took note of the apprehension raised by the petitioners and found that certain additional safeguards would be required in order to ensure that the damaged rice and paddy purchased by the successful tenderers, pursuant to the auction process, did not find its way into the manufacture of edible food products intended for human consumption. We accordingly directed the 2nd respondent in the Writ Petition to produce a format of the undertaking to be obtained from the successful tenderers, at the time of delivering the purchased goods to them". |
| (എഫ്) | ഇക്കാര്യത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (എഫ്) | ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത കണക്കിലെടുത്ത് കരാറുകാരുടെയും മില്ലുകളുടെയും വിശദ വിവരങ്ങൾ ഡി.ജി.പി, ഫുഡ് സേഫ്റ്റി കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ എന്നിവരെ അറിയിക്കുകയും വിപണിയിലും സംഭരണ ശാലകളിലും നടത്തുന്ന പരിശോധനകളിൽ ഇക്കാര്യം ഉൾപ്പെടുത്തി കർശന നടപടി എടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പരിശോധനകളിലും ഇക്കാര്യം പരിശോധിച്ച് കർശന നടപടി സ്വീകരിക്കുവാൻ വിജിലൻസ് ആഫീസർക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ